## 151/2015

Maximum : 100 marks

Time : 1 hour and 15 minutes

1. 2010 ഏപ്രിൽ ഒന്നിന് ഇന്ത്യയിൽ ഉടനീളം വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വന്നു. ഒരു സംസ്ഥാനത്തിന് മാത്രം വന്നില്ല. ഏതാണ് ആ സംസ്ഥാനം?

   (A) തമിഴ്നാട് (B) നാഗാലാന്റ്
   (C) ജമ്മു-കാശ്മീർ (D) മണിപ്പൂർ

2. 'എമിലി' എന്ന ഗ്രന്ഥത്തിന്റെ രചയിതാവാരാണ്?

   (A) ഫ്രോബൽ (B) റൂസ്സോ
   (C) പെസ്റ്റലോസി (D) കൊമീനിയസ്

3. "ന്യൂതൻ ബാൽ ശിക്ഷൻ സംഘ്" തുടങ്ങിയത് ആരൊക്കെ ചേർന്നാണ്?

   (A) ഗാന്ധിജിയും സക്കീർ ഹുസൈനും
   (B) നെഹ്റുവും പട്ടേലും
   (C) നെഹ്റുവും സരോജിനി നായിഡുവും
   (D) താരാഭായ് മോദക്കും ഗിജുഭായ് ബധേക്കയും

4. വികസനത്തിന്റെ ആദ്യ വർഷങ്ങളിൽ ഏതു ഗ്രന്ഥിയുടെ പ്രവർത്തന മാന്ദ്യമാണ് കായികവും മാനസികവുമായിട്ടുള്ള വളർച്ചയെ മുരടിപ്പിക്കുന്നത്?

   (A) തൈറോയ് ഗ്രന്ഥി (B) തൈമസ് ഗ്രന്ഥി
   (C) ലൈംഗിക ഗ്രന്ഥി (D) പിറ്റ്യൂട്ടറി ഗ്രന്ഥി

5. ആശയ രൂപീകരണത്തിന് പ്രവർത്തന ഘട്ടം, രൂപാത്മക ഘട്ടം, പ്രതീകാത്മക ഘട്ടം എന്നിങ്ങനെ മൂന്നു ഘട്ടങ്ങളുണ്ടെന്ന് പ്രസ്താവിച്ചതാരാണ്?

   (A) സ്കിന്നർ (B) ബ്രൂണർ
   (C) ചോംസ്കി (D) വിഗോഡ്സ്കി

6. ഗുരുകുലത്തിൽ പ്രവേശനം നല്കും മുമ്പ് ക്ഷത്രിയ വിദ്യാർത്ഥികൾക്ക് ഉപനയനം ചടങ്ങു നടത്തിയിരുന്നത് എത്ര വയസ്സിൽ?

   (A) 11 (B) 5
   (C) 8 (D) 12

7. കൈയ്യിൽ കിട്ടുന്ന പ്രസക്ത സാമഗ്രികൾ ഉപയോഗിച്ചുള്ള ഒരു പ്രയോഗമാണ് :

(A) കളരിപ്രയോഗം
(B) നസ്യം
(C) പ്രഥമ ശുശ്രൂഷ
(D) ഒറ്റമൂലി

8. നാഡീ വളർച്ചയും വികാസവും മനസ്സിലാക്കുന്നതിന് സഹായിക്കുന്ന ഒരാശയമാണ് :

(A) ഏകീകരണം
(B) ബിംബാലേഖനം
(C) ധ്രുവീകരണം
(D) കനാലീകരണം

9. പഠനത്തോടൊപ്പം നടക്കുന്ന മൂല്യ നിർണ്ണയം ഏത്?

(A) സംരചനാ മൂല്യ നിർണ്ണയം
(B) ആത്യന്തിക മൂല്യ നിർണ്ണയം
(C) താത്പര്യമാപനം
(D) മനോഭാവ മൂല്യ നിർണ്ണയം

10. അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉണ്ടായിരിക്കേണ്ടവരുടെ പരമാവധി എണ്ണം എത്ര?

(A) 20
(B) 15
(C) 18
(D) 16

11. രോഗാണു കയറിക്കൂടിയശേഷം രോഗങ്ങൾ പ്രത്യക്ഷപ്പെടുന്നതുവരെയുള്ള ഘട്ടമാണ് :

(A) കോൻവയിൽസെന്റ് സ്റ്റേജ്
(B) ആക്ടീവ് സ്റ്റേജ്
(C) ഇൻകുബേഷൻ സ്റ്റേജ്
(D) ഇൻഫക്ഷൻ സ്റ്റേജ്

12. കർഷകബാലൻ അച്ഛനിൽ നിന്നും കൃഷിയെപ്പറ്റി പഠിക്കുന്നതാണ് :

(A) ഔപചാരിക വിദ്യാഭ്യാസം
(B) അനൗപചാരിക വിദ്യാഭ്യാസം
(C) മിനിമം ലെവൽ ഓഫ് ലേണിംഗ്
(D) യാദൃച്ഛിക വിദ്യാഭ്യാസം

13. ജോൺ ഡ്യൂയി അദ്ദേഹത്തിന്റെ പരീക്ഷണ വിദ്യാലയം സ്ഥാപിച്ച വർഷം :

(A) 1896
(B) 1892
(C) 1902
(D) 1908

14. യുദ്ധക്കെടുതികൾക്കിരയായ കുട്ടികൾക്കുവേണ്ടി UNO സ്ഥാപിച്ച ഏജൻസി ഏത്?

(A) UNDP
(B) WHO
(C) UNESCO
(D) UNICEF

15. "ഡിസ്ലെക്സിയ" എന്താണ്?

(A) ശ്രവണ വൈകല്യം
(B) ഭാഷണ വൈകല്യം
(C) ലേഖന വൈകല്യം
(D) വായനാ വൈകല്യം